# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4731**

26.06.2019 - ൽ
മറുപടിയ്ക്ക്

### ഫാം ഉൽപന്നങ്ങൾ മൂല്യവർദ്ധിതങ്ങളാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഫാമുകളിലെ ഉൽപന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>ബി) ഇങ്ങനെ പുറത്തിറക്കിയ ഉൽപന്നങ്ങളുടെ വിശദാംശം അറിയിക്കുമോ; | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫാമുകളിലെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) ഇവയെല്ലാം ഒരു ഏകീകൃത ബ്രാൻഡിനു കീഴിലാണോ എന്ന് അറിയിക്കുമോ; | സി) ഓരോ പ്രദേശത്തെയും ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ അതാത് ഫാമുകളുടെ പേരിലാണ് വിറ്റഴിക്കുന്നത്. നെല്ലിയാമ്പതി ഫാമിൽ തയ്യാറാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഫ്രൂട്ട്നെൽ എന്ന ബ്രാൻഡിലാണ് വിപണനം നടത്തുന്നത്. |
| ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) എല്ലാ ഫാമുകളിലെയും ഉല്പന്നങ്ങൾക്ക് QR (Quick Response) കോഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

വിവിധ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന വിവിധ തരം ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നുണ്ട്. എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഫാം ഉൽപന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വൈഗ പ്രദർശനത്തിന്റെ ഭാഗമായി പ്രദർശനവും വിൽപ്പനയും നടത്തിയിരുന്നു. സ്റ്റേറ്റ് സീഡ് ഫാം ഒക്കലിൽ ജൈവവളക്കൂട്ടുകൾ, വേപ്പെണ്ണ എമൽഷൻ, പുകയിലക്കഷായം, നീം സീഡ് എക്സ്ട്രാക്ഷൻ മുതലായവ തയ്യാറാക്കി വിൽപ്പന നടത്തിവരുന്നുണ്ട്. ഗവ. കോക്കനട്ട് നഴ്സറി വൈറ്റിലയിൽ, ചകിരിച്ചോർ കമ്പോസ്റ്റ്, ട്രൈക്കോടെർമ സമ്പുഷ്ടീകരിച്ച ജൈവവളം, ട്രൈക്കോ കേക്ക്, ഗോമൂത്രം ഉപയോഗിച്ചുള്ള കീടനാശിനി, അലങ്കാര ചെടികൾ എന്നിവയുടെ വിൽപ്പന നടത്തുന്നു. കൂടാതെ നേര്യമംഗലത്തുള്ള എറണാകുളം ജില്ലാ കൃഷിത്തോട്ടത്തിൽ തേങ്ങയിൽ നിന്നും കൊപ്ര, വെളിച്ചെണ്ണ എന്നിവ ഉണ്ടാക്കി വിൽപ്പന നടത്തുകയും മഞ്ഞൾ, കുരുമുളക് എന്നിവ പൊടിച്ച് പാക്ക് ചെയ്ത് വിൽക്കുകയും ചെയ്യുന്നുണ്ട്. പാലക്കാട് ജില്ലയിലെ വിവിധ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഫല വർഗ്ഗങ്ങൾ, ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിലേക്ക് നൽകി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നുണ്ട്. മലപ്പുറം ജില്ലയിലെ വിവിധ ഫാമുകളിലും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിതരണം നടത്തിവരുന്നുണ്ട്. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ ഉല്പാദിപ്പിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി പ്രത്യേകം പായ്ക്കറ്റുകളിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ വെള്ളക്കുരുമുളക്, ചുക്ക് എന്നിവ പ്രത്യേകം പോളിപായ്ക്കുകളിൽ വിപണനം ചെയ്യുന്നുണ്ട്.

സ്റ്റേറ്റ് സീഡ് ഫാം ആലുവയിൽ ചാണകം, ഗോമൂത്രം എന്നിവയുപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ പഞ്ചഗവ്യം, വെർമിവാഷ്, എക്സ്പ്ലോഡ് എന്നിവനിർമ്മിക്കുന്നു. കൂടാതെ വിൽപ്പനയ്ക്കായി വെളിച്ചെണ്ണ, മാങ്ങ അച്ചാർ, രക്തശാലി അരി, മട്ട അരി, പൊക്കാളി അവൽ, മഞ്ഞൾപ്പൊടി എന്നിവയും തയ്യാറാക്കി വരുന്നു. പാലക്കാട് ജില്ലയിൽ സപ്പോട്ട, പേരയ്ക്ക, ചെറി, പപ്പായ, മാങ്ങ തുടങ്ങിയവ ഉപയോഗിച്ച് ജാം, ജെല്ലി, സ്ക്വാഷ്, സിറപ്പ്, റെഡി ടു ഡ്രിങ്ക്, അച്ചാർ, മുതലായവ ഉത്പാദിപ്പിക്കുന്നുണ്ട്. എസ്.ജി.സി (Seed Garden Complex) മുണ്ടേരിയിൽ വെളിച്ചെണ്ണ, കുടംപുളി, ബ്ലാക്ക് പെപ്പർ, തേൻ, മാങ്ങ ഉണക്കിയത് എന്നിവയും ആനക്കയം സ്റ്റേറ്റ് സീഡ് ഫാമിൽ മഞ്ഞൾപ്പൊടിയും ഉത്പാദിപ്പിക്കുന്നു. കാസറഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും ഗോമൂത്രവും ചാണകവും ഉപയോഗിച്ച് നിർമ്മിക്കുന്ന ജീവാമൃതം ഉത്പാദിപ്പിച്ച് വിൽപ്പന നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ഫാമുകളിൽ പാഷൻഫ്രൂട്ട്, പച്ചമാങ്ങ, വാഴപ്പിണ്ടി തുടങ്ങിയവയുടെ സ്ക്വാഷുകൾ പുളിഞ്ചിക്ക, ലൂലോലിക്ക, ജാതിക്കാതോട് എന്നിവയിൽ നിന്നുള്ള അച്ചാറുകൾ, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, കൂവപ്പൊടി തുടങ്ങിയവ ഉല്പാദിപ്പിച്ച് വില്പന നടത്തിവരുന്നു. കണ്ണൂർ ജില്ലയിലെ ഫാമുകളിൽ പച്ചമാങ്ങാ സ്ക്വാഷ്, മത്തൻ ജാം, ചക്ക ചിപ്സ്, ചക്ക അട, ചക്ക അലുവ, ചക്കപ്പഴം പായ്ക്ക് ചെയ്തത് എന്നിവ ഉല്പാദിപ്പിച്ച് വില്പന നടത്തുന്നു.

സെക്ഷൻ ഓഫീസർ